


കൂട്ടുകാരേ,
സഞ്ചാരത്തെപ്പറ്റിയുള്ള
ഒരു പുതിയ പംക്തി
ആരംഭിക്കുകയാണ്. ഒരു
നാടിനെ അറിയണമെങ്കിൽ
ആ നാട്ടിലൂടെ യാത്ര
ചെയ്യണം എന്ന ചൊല്ലിനെ
അന്വർത്ഥമാക്കുകയാണ് ഈ
കുറിപ്പുകൾ

# ആർക്കും പേരില്ലാത്ത നാട്

• അഷ്കർ കബീർ



ഈ ലോകത്തേക്കൊന്ന് കണ്ണോടിച്ച് നോക്കിയിട്ടുണ്ടോ?

ഇടതിങ്ങിയ കൊടുംകാടുകളും അനന്തമായി പരന്നുകിടക്കുന്ന മരുഭൂമികളും, വർഷം മുഴുവൻ മഞ്ഞുമൂടിക്കിടക്കുന്ന താഴ്‌വാരങ്ങളും, പടുകൂറ്റൻ മലയിടുക്കുകളും, മഹാ സമുദ്രങ്ങളിലെ പവിഴപ്പുറ്റുകളാൽ രൂപംകൊണ്ട ദ്വീപുകളും, ഇവിടെയൊക്കെ അധിവസിക്കുന്ന അനേകതരം ജനവിഭാഗങ്ങളുമൊക്കെയായി എത്ര മനോഹരവും വൈവിധ്യമാർന്നതുമാണ് നമ്മുടെ ലോകം!!

ഈ പ്രദേശങ്ങളെയും അവിടെയുള്ള ജനവിഭാഗങ്ങളുടെ ജീവിത രീതികളെയും കണ്ടും അനുഭവിച്ചും അറിയാൻ നമുക്കൊക്കെ ഒരുപാട് ആഗ്രഹമില്ലേ... പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതോടൊപ്പം ആ പ്രകൃതിയിൽ ജീവിക്കുന്ന മനുഷ്യരെക്കൂടി അറിയുമ്പോഴല്ലേ ഓരോ യാത്രയും കൂടുതൽ രസകരവും സഫലവുമാകൂ.

നമ്മുടെ രാജ്യത്തിന്റെ വടക്കു കിഴക്കൻ സംസ്ഥാനമായ മേഘാലയയിലെ കോങ്തോങ് ഗ്രാമത്തെക്കുറിച്ച് കേട്ടിട്ടുണ്ടോ? ചിറാ

▸▸ ഏറ്റവും വലിയ പൂങ്കുല – പൂയറായ് മോർഡി

പുഞ്ചി പോകുന്ന വഴിമധ്യേ 22 കിലോമീറ്റർ ഉള്ളിലായി ചെങ്കുത്തായ ഖാസി മലയിടുക്കുകൾക്കിടയിൽ ഒറ്റപ്പെട്ട് കിടക്കുന്ന അതിമനോഹരമായ ഗ്രാമമാണ് കോങ് തോങ്.

ഒരുകാലത്ത് ലോകത്ത് ഏറ്റവുമധികം മഴ പെയ്തിരുന്ന ചിറാപുഞ്ചി കാണാൻ അനേകം സഞ്ചാരികൾ ഇന്നും വന്നുകൊണ്ടിരിക്കുമ്പോഴും, കോങ് തോങ് മാത്രം അധികപേർക്കും അജ്ഞാതമാണ്.

ഇരുവശങ്ങളിലും ഖാസി മലകളാൽ ചുറ്റപ്പെട്ട ഈ ഗ്രാമത്തിലെത്താൻ ഒരു പരിധി കഴിഞ്ഞാൽ റോഡുകൾ തന്നെയില്ല . ഖാസി, ഖാരോ, ജൈനിന്ത്യർ ഗോത്ര വിഭാഗങ്ങളുടെ നാടാണ് മേഘാലയ. ഖാസി ഗോത്രത്തിലെ ഒരു ഉപവിഭാഗമാണ് കോങ് തോങിലെ നിവാസികൾ.

129 കുടുംബങ്ങളിലായി 628 പേർ ഇവിടെ നിവാസികളായുള്ളതായാണ് 2001-ലെ സർവ്വെയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വേട്ടയും കൃഷിയുമാണ് ഇവരുടെ പ്രധാന ഉപജീവനമാർഗം. മുളയും തടിയും കൊണ്ടാണ് ഗൃഹനിർമാണം.

'വിസിലിംഗ് വില്ലേജ് ഓഫ് ഇന്ത്യ' എന്നാണ് ഹിസ്റ്ററി ടിവി കോങ്ങ് തോങിനെ വിശേഷിപ്പിക്കുന്നത്. ഈ ഗ്രാമത്തെ ലോകത്തെത്തന്നെ അപൂർവ്വ പ്രദേശമാക്കുന്നതും ഈ വിശേഷണം തന്നെയാണ്. ആർക്കും ഇവിടെ പേരില്ലെന്നതാണ് ഏറെ കൗതുകകരം. പകരം ഓരോരുത്തരെയും ഓരോ ഈണങ്ങളിലാണ് വിളിക്കുന്നത്.

ഈ ഈണങ്ങളെ പൊതുവായി ജിങ്ർവൈലാവ് ബി എന്നു പറയുന്നു. ഗ്രാമത്തിലെ യുവാക്കൾക്ക് വിവാഹ പ്രായമെത്തുന്നതോടുകൂടി അവർ കൂടിയിരുന്ന് ഓരോ ഈണങ്ങൾ മൂളിത്തുടങ്ങുന്ന മത്സരമാണ് ഗ്രാമത്തിലെ ഏറ്റവും വലിയ ആഘോഷം. കൂട്ടത്തിൽ ആരുടെ ഈണമാണോ ഏറ്റവും ജനപ്രിയമാകുന്നത് അയാൾക്ക് ഇഷ്ടമുള്ള പെൺകുട്ടിയെ വിവാഹം ചെയ്യാം. ഒരു സ്ത്രീ ഗർഭിണിയാകുന്നതോടുകൂടി ആരംഭിക്കുന്നതാണ് ഈണങ്ങൾക്ക് വേണ്ടിയുള്ള അവളുടെ അന്വേഷണം. പ്രകൃതിയിലെ പക്ഷികളുൾപ്പെടെയുള്ള അനവധി ജീവജാലങ്ങളുടെ ശബ്ദത്തിൽ നിന്നാണ്, അവൾ ഈണങ്ങൾ കണ്ടെത്തുന്നത്. ഇടക്കിടെ അവൾ മൂളിക്കൊണ്ടേയിരിക്കുന്ന ഈ ഈണങ്ങളിലൊന്ന് തന്റെ കുഞ്ഞിനായി അവൾ തെരഞ്ഞെടുക്കുന്നു.

കുഞ്ഞ് ജനിച്ച് മാസങ്ങളോളം ഗ്രാമീണർ കൂടിയിരുന്ന് ഈ ഈണം ഉറക്കെ മൂളിക്കൊണ്ടിരിക്കുന്നു. നിരന്തരമുള്ള ഈ കേൾവിയിൽ നിന്നാണ് മുതിരുമ്പോൾ കുട്ടി തന്റെ പേര് തിരിച്ചറിയുന്നത്. എന്നാൽ ഈ ഈണങ്ങളൊന്നും ഇതുവരെയും രേഖപ്പെടുത്തിവെച്ചിട്ടില്ലതാനും.

വനത്തിനുള്ളിലെ പലഭാഗങ്ങളിലേക്കും വേട്ടയ്ക്കായി പോകുന്നവരെ വിളിക്കുമ്പോഴാണ് ഈണങ്ങൾക്ക് വിവിധ രൂപം കൈവരുന്നത്.

പുതു തലമുറ തങ്ങളുടെ മഹത്തായ ഈ പൈതൃകത്തിൽ ഏറെ അഭിമാനം കൊള്ളുന്നു. ഓരോരുത്തരും തങ്ങളുടെ മൊബൈലിലെ റിങ് ട്യൂണായി അവരവരുടെ പേര് തന്നെയാണ് സെറ്റ് ചെയ്തിരിക്കുന്നത്. അതിലൂടെ ഈ ഈണങ്ങൾക്ക് ഒരു റെക്കോർഡിങ് സ്വഭാവവും കൈവന്നിട്ടുണ്ട്.

ചിറാപുഞ്ചി പോകാൻ ഒരുങ്ങുമ്പോൾ ഇനി, കോങ് തോങ് മറക്കേണ്ട.




▸▸ ഏറ്റവും വലിയ ഫലം – ജയന്റ് പംകിൻസ് (ഭീമാകാര മത്തങ്ങ)